# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 814 — 10.02.2016 ൽ മറുപടിയ്ക്ക്

## പരിയാരം സർക്കാർ ആയുർവേദ കോളേജ്

| | ചോദ്യം<br>ശ്രീ. റ്റി. വി. രാജേഷ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പരിയാരം സർക്കാർ ആയുർവേദ കോളേജിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത് ; ഏതൊക്കെ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | (എ) | പരിയാരം സർക്കാർ ആയുർവേദ കോളേജിൽ താഴെപ്പറയുന്ന കോഴ്സുകളാണ് നിലവിലുള്ളത് :-<br><br>ബി.എ.എം.എസ് - 40 സീറ്റുകൾ<br>**പി.ജി. കോഴ്സുകൾ**<br>1. രോഗനിദാന-5 സീറ്റുകൾ<br>2.ക്രിയാശരീര – 5 സീറ്റുകൾ<br>**പാരാ മെഡിക്കൽ കോഴ്സുകൾ**<br>ആയുർവേദ തെറാപ്പിസ്റ്റ്-40 സീറ്റുകൾ<br>രസശാസ്ത്ര & ഭൈഷജ്യകൽപ്പന (4 സീറ്റുകൾ), ശല്യതന്ത്ര-അസ്ഥിസന്ധി ഏവം മർമ്മാഘാതം (4 സീറ്റുകൾ) എന്നീ വിഷയങ്ങളിൽ പുതുതായി പി.ജി. തുടങ്ങുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിയാരം ആയുർവേദ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് ; ഏത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; അവയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിയാരം ആയുർവേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പരിയാരം ആയുർവേദ കോളേജിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്, ഇവ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ വിശദമാക്കാമോ ? | (സി) | 1) പരിയാരം ആയുർവേദ കോളേജിൽ പ്രൊഫസർ തസ്തികയിൽ 2 ഒഴിവുണ്ടായിരുന്നു. 17.12.2015 ലെ ജി.ഒ.(ആർ.റ്റി) നം. 76/15/ആയുഷ് ഉത്തരവ് പ്രകാരം ടി ഒഴിവുകൾ നികത്തിയിട്ടുണ്ട്.<br>2)അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 3 ഒഴിവുകളുണ്ട്. ആയതിൽ ഒരൊഴിവ് മേൽ പരാമർശം ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.<br>3) എൻടി കേഡറിൽ 3 ഒഴിവുകൾ ഉണ്ട്. ആയത് പി.എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക | പ്രവർത്തന പുരോഗതി |
|---|---|---|---|
| 1 | എക്സ്‌റേ കെട്ടിട നിർമ്മാണം | 15 ലക്ഷം | കെട്ടിട നിർമ്മാണം പൂർത്തിയായി. എക്സ്‌റേ വിഭാഗം പ്രവർത്തനം ആരംഭിച്ചു. |
| 2 | ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ അധികനില നിർമ്മാണം | 60 ലക്ഷം | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| 3 | ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ക്വാർട്ടേഴ്സ് നിർമ്മാണം | 98 ലക്ഷം | നിർമ്മാണം ആരംഭിച്ചു. |
| 4 | കളിസ്ഥല നിർമ്മാണം | 30 ലക്ഷം | നിർമ്മാണം പൂർത്തീകരിച്ചു. |
| 5 | ചുറ്റുമതിൽ നിർമ്മാണം | 37.5 ലക്ഷം | നിർമ്മാണം പൂർത്തീകരിച്ചു. |
| 6 | ആശുപത്രിയുടെ മെഡിസിൻ സ്റ്റോർ നിർമ്മാണം | 30 ലക്ഷം | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇല്ക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| 7 | മലിനജല ശുദ്ധീകരണ പ്ലാന്റ് നിർമ്മാണം | 97.61 ലക്ഷം | നിർമ്മാണം പൂർത്തീകരിച്ചു |
| 8 | സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിർമ്മാണം | 260 ലക്ഷം | ശിലാസ്ഥാപനം നടന്നുവെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| 9 | സൂപ്രണ്ട്/ആർ.എം.ഒ ക്വാർട്ടേഴ്സ് നിർമ്മാണം. | 40 ലക്ഷം | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ